പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3329 18.02.2013- ലെ മറുപടി

പ്രവാസികൾക്കായി ഹെറിറ്റേജ് വില്ലേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികൾക്കായി ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി)ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ & ബി) പ്രവാസി മലയാളികൾക്കുവേണ്ടി പൈതൃക ഗ്രാമം സ്ഥാപിക്കുന്നകാര്യം ആലോചനയിലുണ്ട്. പ്രവാസി കേരളീയർക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി ഗ്രാമത്തിൽ തന്നെ ഒരു നഗരത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടും കേരളത്തനിമയും കേരള സംസ്കാരവും നിലനിർത്തിക്കൊണ്ടും സ്വയംപര്യാപ്തമായ ഒരു ടൗൺഷിപ്പെന്നനിലയിലാണ് ഹെറിറ്റേജ് വില്ലേജ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. കേരള ചരിത്രം/സംസ്കാരം പ്രദർശിപ്പിക്കുന്ന മ്യൂസിയം, കേരളത്തിലെ ഉത്സവങ്ങളെയും, കലാരൂപങ്ങളെയും പ്രതിഫലിപ്പിക്കുന്ന കേന്ദ്രങ്ങൾ കേരളത്തനിമയുള്ള ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങളും /ഭക്ഷണശാലകളും, കളരി/ യോഗ സ്കൂളുകൾ, ഗുരുകുലം മാതൃകയിലുള്ള അന്താരാഷ്ട്ര വിദ്യാലയം, ആയുർവ്വേദശാല, വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനായി ഹെറിറ്റേജ് ഹോമുകളും, പരമ്പരാഗത രീതിയിലുള്ള കൺവെൻഷൻ സെന്ററുകളും, ഫ്ലാറ്റ്/ വില്ലകൾ , പാർക്കുകൾ എന്നിവ ഉൾപ്പെടുന്നരീതിയിലാണ് ഗ്രാമം, രൂപകല്പന ചെയ്യാനുദ്ദേശിക്കുന്നത്. |
| (സി)ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ; | (സി) പദ്ധതി നടത്തിപ്പിനുള്ള സാധ്യത പരിശോധന പൂർത്തിയാകാത്തതുകൊണ്ടും സ്ഥലം ഏറ്റെടുത്തതിനെക്കുറിച്ച് അന്തിമ നടപടികൾ ആകാത്തതുകൊണ്ടും ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) ഇതിനുവേണ്ടി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് "ഭൂമി ഏറ്റെടുക്കൽ നിയമ" പ്രകാരം സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ